LIBRARY ARCHIVES Kerala Legislative Assembly

വിഷരഹിത പച്ചക്കറി

44(T2512) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം അടങ്ങിയിട്ടുണ്ടെന്ന വാർത്ത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക് പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യു ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്. ചെക്ക് പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കാറുണ്ട്. ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിച്ച് പരിശോധിക്കാറുണ്ട്.

ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം

45(2513) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിൽ കോട്ടയം ജില്ലയിലെ കുട്ടിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു വരവേ 24-5-13-ൽ മരണപ്പെട്ട ജെസ്സി ജോസഫിന്റെ ഭർത്താവ് ശ്രീ മിൻസൺ ജോസഫ് ആശ്രിത നിയമനത്തിനായി നൽകിയ അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. മിൻസൺ ജോസഫിന് ഓഫീസ് അറ്റൻഡന്റ് ആയി നിയമനം നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.